റിട്ടയർമെന്റ് പ്രായപരിധി ഉയർത്തണമെന്ന ആവശ്യം

6 (3194) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. കുട്ടി മുഹമ്മദ് കുട്ടി :
ശ്രീ. നാലകത്തു സൂപ്പി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-2001-ാമാണ്ടിൽ സംസ്ഥാന സർക്കാരിലെ വിവിധ വകുപ്പുകളിൽ നിന്നും എത്ര ഉദ്യോഗസ്ഥർ റിട്ടയർ ചെയ്യുന്നുണ്ട് ;

(ബി) ഇവർക്ക് റിട്ടയർമെന്റ് ആനുകൂല്യം നല്കുന്നതിലേക്കായി സർക്കാരിന് എത്ര കോടി രൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യത ഈ വർഷം ഏറ്റെടുക്കേണ്ടി വരുമെന്ന് അറിയിക്കുമോ ;

(സി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ റിട്ടയർമെന്റിനുള്ള പ്രായപരിധി ഉയർത്താൻ ഉദ്ദേശ്യമുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര വർഷത്തേയ്ക്കാണ് റിട്ടയർമെന്റിനുള്ള പ്രായപരിധി ഉയർത്തുന്നത് ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) റിട്ടയർമെന്റ് പ്രായപരിധി ഉയർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു ഏതെല്ലാം സർവ്വീസ് സംഘടനകൾ സർക്കാരിൽ നിവേദനം നൽകിയിട്ടുണ്ട് ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) പ്രമുഖ സർവ്വീസ് സംഘടനകൾ ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ഏതൊക്കെ സംഘടനകളാണ് നിവേദനം നൽകിയിരുന്നു എന്നുള്ള സമാഹൃത വിവരം ലഭ്യമല്ല.

ഐ. റ്റി. യൂണിറ്റുകൾ സ്ഥാപിച്ച വകുപ്പുകൾ

7 (3195) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം വകുപ്പുകളിൽ ഇൻഫർമേഷൻ ടെക്നോളജി യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സെക്രട്ടേറിയറ്റിൽ ഏതെല്ലാം വകുപ്പുകളിൽ ഐ.റ്റി. യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇനി ഏതെല്ലാം വകുപ്പുകളിൽ ഐ.റ്റി. യൂണിറ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിന്റെ ഭാഗമായി അഡ്മിനിട്രേറ്റീവ് സെക്രട്ടേറിയറ്റിൽ ഏതെല്ലാം സെക്ഷനുകൾ കമ്പ്യൂട്ടർവൽക്കരിച്ചു എന്ന് വ്യക്തമാക്കുമോ ; കമ്പ്യൂട്ടർ കൈകാര്യം ചെയ്യുന്ന ജീവനക്കാരുടെ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഇ) കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി ഏതെല്ലാം കാറ്റഗറിയിൽപ്പെട്ട ജീവനക്കാർക്ക് കമ്പ്യൂട്ടർ ട്രെയിനിംഗ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഏതെല്ലാം ഏജൻസികൾ/സ്ഥാപനങ്ങൾ വഴിയാണ് ട്രെയിനിംഗ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ജി) അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ ഇ-മെയിൽ സംവിധാനം നിലവിലുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) സർക്കാരിൽ ഐ. റ്റി. നടപ്പിലാക്കുന്നതു സംബന്ധിച്ച് രൂപീകരിച്ച കർമ്മസമിതിയുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ജനങ്ങളുമായി ഏറ്റവും കൂടുതൽ ബന്ധപ്പെട്ട പ്രവർത്തിക്കുന്ന 34 വകുപ്പുകളെ മുൻഗണനാ ക്രമത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത വകുപ്പുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.† പ്രസ്തുത വകുപ്പിന്റെ സെക്രട്ടറി/ വകുപ്പധ്യക്ഷൻ അധ്യക്ഷനായുള്ള കർമ്മസമിതികളും രൂപീകരിച്ചിട്ടുണ്ട്. ഓരോ വകുപ്പിനും നോഡൽ ഓഫീസർമാരെ നോമിനേറ്റ് ചെയ്യുകയും അവർക്ക് ഐ.റ്റി. വ്യാപനത്തിന്റെ ഭാഗമായി പരിശീലനം നൽകിവരികയും ചെയ്യുന്നു. ഇപ്രകാരമുള്ള കർമ്മ സമിതിയല്ലാതെ പ്രത്യേകം ഇൻഫർമേഷൻ ടെക്നോളജി യൂണിറ്റുകൾ സ്ഥാപിച്ചിട്ടില്ല.

(ഡി & ഇ) സെക്രട്ടേറിയറ്റ്, സെക്രട്ടറിയറ്റ് അനക്സ്, വികാസ് ഭവൻ, പബ്ലിക് ഓഫീസ് എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് സെക്രട്ടേറിയറ്റ് വൈഡ് ഏരിയാ നെറ്റ് വർക്ക് എന്ന പേരിൽ ഒരു കമ്പ്യൂട്ടർ ശൃംഖല സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിന്റെ ഭാഗമായി, ടൈപ്പിസ്റ്റ്, സി.എ, അസിസ്റ്റന്റ്, അണ്ടർ സെക്രട്ടറി മുതൽ ഉയർന്ന തലങ്ങളിലുള്ള ജീവനക്കാർക്ക് പരിശീലനം നൽകിവരുന്നു. ഐ.റ്റി. നയപ്രഖ്യാപനത്തിന് മുമ്പ് ചില വകുപ്പുകൾ സ്വതന്ത്രമായി കമ്പ്യൂട്ടർവൽക്കരണം ആരംഭിച്ചിരുന്നു.

(എഫ്) ഐ. എം. ജി., കെൽട്രോൺ, ഐ.എച്ച്.ആർ.ഡി.ഇ., എൽ.ബി.എസ് സെന്റർ എന്നീ സ്ഥാപനങ്ങൾ വഴിയാണ് പരിശീലനം നൽകിവരുന്നത്.

(ജി) നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി) വഴി കേബിളിംഗ് സൗകര്യങ്ങളുള്ള ചില സെക്രട്ടറിമാരുടെ ഓഫീസുകളിൽ ഇ-മെയിൽ സംവിധാനം നിലവിലുണ്ട്. പുരോഗമിച്ചുവരുന്ന സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ്വർക്ക് പൂർത്തിയാവുമ്പോൾ ഇ-മെയിൽ സംവിധാനം കൂടുതൽ ഓഫീസുകളിൽ ലഭ്യമാവുന്നതാണ്.

† അനുബന്ധം - IV

LIBRARY ARCHIVES Kerala Legislative Assembly